I ഇ.ബി. XIV - കേരള നിയമസഭ /XIII-13

**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ഡിസംബർ 13, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I ചരമോപചാരം**

എം. എം. ജേക്കബ്, കെ. വി. കുര്യൻ, എച്ച്. എൻ. അനന്ത് കുമാർ, എം. ഐ. ഷാനവാസ്, ഇ. നാരായണൻ നായർ, സി. എൻ. ബാലകൃഷ്ണൻ എന്നിവരുടെ നിര്യാണം

മുൻ കേന്ദ്രമന്ത്രിയും മേഘാലയ ഗവർണ്ണറുമായിരുന്ന എം.എം. ജേക്കബ്, മുൻ നിയമസഭാംഗം കെ. വി. കുര്യൻ, കേന്ദ്ര പാർലമെന്ററികാര്യ വളം-രാസവസ്തു വകുപ്പുമന്ത്രി എച്ച്. എൻ. അനന്ത് കുമാർ, വയനാട് പാർലമെന്റ്

നിയോജകമണ്ഡലാംഗം എം.ഐ. ഷാനവാസ്, മുൻ നിയമസഭാംഗം ഇ. നാരായണൻ നായർ, മുൻ സഹകരണ വകുപ്പുമന്ത്രി സി. എൻ. ബാലകൃഷ്ണൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## II അടിയന്തരപ്രമേയം

### വനിതാ മതിൽ

മി. സ്പീക്കർ: സംസ്ഥാന ഖജനാവിൽ നിന്നും പണം ധൂർത്തടിച്ച് കേരളത്തിലെ സാമുദായിക സൗഹാർദ്ദം തകർക്കുവാനും വർഗ്ഗീയ സംഘർഷം ഉണ്ടാക്കുവാനും വഴിതെളിക്കുന്ന രീതിയിൽ "വനിതാ മതിൽ" സംഘടിപ്പിക്കാനുള്ള സർക്കാർ തീരുമാനംമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. എം. കെ. മുനീർ, സർവ്വശ്രീ കെ. സി. ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

## III ക്രമപ്രശ്നം

<u>അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി</u>

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 52(3), 52(6) എന്നിവയനുസരിച്ചും ഭരണഘടനാ മൂല്യങ്ങളും നവോത്ഥാന ആശയങ്ങളും പ്രചരിപ്പിക്കുന്ന ഏറ്റവും ശക്തമായ വനിതാപ്രതിരോധ നിരയെ "വർഗ്ഗീയ മതിൽ" എന്ന് ചിത്രീകരിക്കുന്നത് ഭരണഘടനാ വിരുദ്ധവും സ്ത്രീവിരുദ്ധവുമായതിനാലും അടിയന്തരപ്രമേയം അനുവദിക്കാൻ പാടില്ല. ഇതുസംബന്ധിച്ച് ചെയർ റൂളിംഗ് നൽകണം.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: കേരള നിയമസഭാ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 52 പ്രകാരം ബഹുമാനപ്പെട്ട മന്ത്രിയുടെ വാദത്തിൽ പ്രഥമദൃഷ്ട്യാ ന്യായമുണ്ടെങ്കിലും റൂൾ 50 അനുസരിച്ച് ഇവിടെ ഉന്നയിച്ചിട്ടുള്ള വിഷയം വനിതാ മതിൽ സംഘടിപ്പിക്കാനുള്ള നീക്കം നിമിത്തം വിവിധ മേഖലകളിൽ ഉണ്ടാകാനിടയുള്ള സാഹചര്യങ്ങളെ സംബന്ധിച്ചായതിനാൽ അത് സഭയിൽ ചർച്ച ചെയ്യുന്നതിൽ അപാകതയുണ്ടെന്ന് ചെയർ കരുതുന്നില്ല. അതിനാൽ ക്രമപ്രശ്നം

നിലനിൽക്കുന്നതല്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരളത്തിൽ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുകയെന്ന മുദ്രാവാക്യമുയർത്തിപ്പിടിച്ച് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ 620 കി.മീ. ദൂരത്തിൽ നീളുന്ന വനിതാ മതിൽ സ്ത്രീ മുന്നേറ്റ ചരിത്രത്തിൽ മറ്റൊരു നാഴികക്കല്ലാണ്. ജീവിതത്തിലെ സമസ്ത മേഖലകളിലും സ്ത്രീക്കും പുരുഷനും തുല്യത വേണമെന്ന ഭരണഘടനാ തത്വങ്ങൾ പ്രായോഗികമാക്കാനുള്ള ഇടപെടലായും നവോത്ഥാന പ്രസ്ഥാനങ്ങളിലൂടെ ഉയർന്നുവന്ന മൂല്യങ്ങൾ തകർക്കാനുള്ള പരിശ്രമങ്ങൾക്കെതിരായ പ്രതിരോധമായും സ്ത്രീകളുടെ അന്തസ്സും ആത്മാഭിമാനവും തുല്യാവകാശങ്ങളും ഉറപ്പാക്കി പുരോഗമന പാതയിൽ കേരളം മുന്നേറുമെന്ന് പ്രഖ്യാപിക്കുന്ന നാടിന്റെ അഭിമാനവുമായാണ് വനിതാ മതിലിനെ കാണേണ്ടത്. ദായക്രമത്തിലും വിവാഹബന്ധങ്ങളിലും നിലനിന്നിരുന്ന സ്ത്രീവിരുദ്ധ ആചാരക്രമങ്ങൾ, അടിമത്വത്തിന്റെ അടയാളങ്ങൾ പേറിനടക്കേണ്ട അവസ്ഥ, തൊഴിലിടങ്ങളിലെ പീഡനങ്ങളും കൂലിയുടെ കാര്യത്തിലെ വിവേചനങ്ങളും, ജാതീയമായ അടിച്ചമർത്തലുകൾ തുടങ്ങി വിവിധങ്ങളായ പീഡനങ്ങൾക്ക് ഇരയായ മുൻകാല സ്ത്രീകൾക്ക് നവോത്ഥാനം ആശ്വാസം നൽകുകയും അവരെ വിദ്യാഭ്യാസ അവകാശത്തിനും

ദായക്രമത്തിലെ മാറ്റങ്ങൾക്കും തുല്യതയ്ക്കും അവകാശങ്ങൾക്കുംവേണ്ടിയുള്ള പോരാട്ടത്തിന് പ്രേരിപ്പിക്കുകയും ചെയ്തു. സ്ത്രീകളുടെ ഇന്നത്തെ ഉയർച്ചയ്ക്ക് കാരണം നവോത്ഥാനമാണ്. സ്ത്രീ മുന്നേറ്റത്തിന് നിരവധി പദ്ധതികൾ മുന്നോട്ടുവച്ച സംസ്ഥാന സർക്കാർ അതിന്റെ ഭാഗമായിത്തന്നെയാണ് വനിതാ മതിലിനെയും കാണുന്നത്. സ്ത്രീ-പുരുഷ സമത്വമാണ് വനിതാ മതിൽ മുന്നോട്ടുവയ്ക്കുന്നത്. സമസ്ത മേഖലയിലും സ്ത്രീസമത്വം ആർജ്ജിക്കുന്നതിനുള്ള അവകാശബോധം സ്ത്രീകളിൽ ഉയർന്നുവരികയും പൊരുതി ജയിച്ച വീരാംഗനമാരുടെ പാരമ്പര്യം ഇനിയും കാത്തുസൂക്ഷിക്കേണ്ടതുമുണ്ട്. പതാകവാഹകരായി കേരളത്തിലെ വനിതകളെയാകെ ഉയർത്തിയെടുക്കുക എന്നതാണ് വനിതാ മതിലിന്റെ ലക്ഷ്യം. കേരളത്തിന്റെ മതിനിരപേക്ഷ മനസ്സിനെയും നവോത്ഥാന മുന്നേറ്റങ്ങളെയും ഇകഴ്ത്തിക്കാണിക്കുന്ന 'വർഗ്ഗീയ മതിൽ' എന്ന വ്യാഖ്യാനം ചരിത്രത്തോട് ചെയ്യുന്ന അനീതിയാണ്. പഠിപ്പ് മുടക്കി വനിതാ മതിലിൽ പങ്കുചേരാൻ വിദ്യാർത്ഥികളെ ആഹ്വാനം ചെയ്തുവെന്നത് വസ്തുതകൾക്ക് നിരക്കുന്നതല്ല. വിദ്യാർത്ഥികളടക്കം എല്ലാ

മേഖലയിലുമുള്ള വനിതകൾ പങ്കെടുക്കണമെന്ന ആഹ്വാനം മാത്രമാണ് സർക്കാർ നൽകിയിട്ടുള്ളത്. സ്ത്രീ-പുരുഷ തുല്യതയ്ക്കായാണ് ശബരിമലയിൽ സ്ത്രീ പ്രവേശനം കോടതി അനുവദിച്ചത്. ഇതിനെതിരെയുള്ള ഇടപെടൽ നവോത്ഥാന മൂല്യങ്ങൾ തകർക്കുന്നതാണ്. വനിതാ മതിലിന് പിന്തുണ നൽകിയിട്ടുള്ള സർക്കാർ എല്ലാ വനിതാ അംഗങ്ങളെയും ഇതിൽ പങ്കെടുക്കുന്നതിന് പ്രത്യേകമായി ക്ഷണിക്കുന്നു. വനിതാ മതിലിന്റെ സംഘാടനത്തിന് സർക്കാർ ഫണ്ട് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നടക്കുന്ന ദുഷ്പ്രചരണങ്ങൾ വസ്തുതകൾക്ക് നിരക്കുന്നതല്ലാത്തതുകൊണ്ട് ചർച്ചയ്ക്കെടുക്കേണ്ടതില്ല.

<u>ഡോ. എം. കെ. മുനീർ</u>: 1961-ൽ പൂർവ്വ ജർമനിയിൽ കമ്മ്യൂണിസ്റ്റുകാർ തീർത്ത ബർലിൻ മതിൽ പൊളിച്ചു മാറ്റേണ്ടി വന്നിട്ടുണ്ടെങ്കിൽ വർഗ്ഗീയ മതിലും കേരളത്തിലെ ജനങ്ങൾ പൊളിച്ചുമാറ്റുക തന്നെ ചെയ്യും.

(ഡോ. എം. കെ. മുനീറിന്റെ പ്രസംഗത്തിലെ വർഗ്ഗീയ മതിൽ എന്ന പരാമർശം പിൻവലിക്കുകയോ സഭാരേഖയിൽ നിന്ന് നീക്കം ചെയ്യുകയോ ചെയ്യണമെന്നാവശ്യപ്പെട്ട് ഭരണപക്ഷാംഗങ്ങൾ നടുത്തളത്തിനു സമീപം വന്നുനിന്ന്

മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ രാവിലെ 10.40-ന് നിർത്തി വച്ച സഭ 11.18-ന് പുനരാരംഭിച്ചു.)

മി. സ്പീക്കർ: പ്രമേയാവതാരകനായ ഡോ. എം. കെ. മുനീറിന്റെ ഒരു പദപ്രയോഗം സഭയിൽ പ്രതിഷേധത്തിനും ബഹളത്തിനും കാരണമാകുകയുണ്ടായി. അദ്ദേഹം എഴുതി നൽകിയ പ്രമേയത്തിൽ ആ വാക്ക് ഉണ്ടായിരുന്നില്ല. സഭയിൽ ശക്തമായ പ്രതിഷേധമുണ്ടാകുകയും വനിതാ അംഗങ്ങൾ ചെയറിന് പരാതി നൽകുകയും ചെയ്ത സാഹചര്യത്തിൽ കേരളത്തിൽ സംഘടിപ്പിക്കാൻ പോകുന്ന വനിതാമതിൽ വർഗീയമതിലാണെന്നുള്ള പരാമർശം പിൻവലിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചെയർ പരിശോധിക്കുകയുണ്ടായി. ഇക്കാര്യത്തിൽ രേഖകൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് ചെയർ സഭയെ അറിയിക്കുകയാണ്. ഡോ. എം. കെ. മുനീർ പരാമർശം പിൻവലിച്ച് സഭാ നടപടികൾ മുന്നോട്ടുകൊണ്ടുപോകാൻ സഹായിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

ഡോ. എം. കെ. മുനീർ: പരാമർശം പരിശോധിച്ച് സ്പീക്കർക്ക് ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്. സഭയിൽ പലതവണ ഉപയോഗിച്ചിട്ടുള്ള വാക്ക് ഞാൻ പറഞ്ഞപ്പോൾ മാത്രം പിൻവലിക്കണമെന്നു പറയുന്നത് ശരിയല്ല. സ്ത്രീകൾ വർഗ്ഗീയവാദികളാണെന്ന പരാമർശം ഞാൻ നടത്തിയിട്ടില്ല. വനിതാ

മതിലിനെക്കുറിച്ചും അതിനുപിന്നിൽ ആരൊക്കെയാണുള്ളത് എന്നതിനെക്കുറിച്ചുമാണ് പരാമർശിച്ചത്. നവോത്ഥാനത്തെ സംബന്ധിച്ചുള്ള മുഖ്യമന്ത്രിയുടെ പരാമർശത്തോട് ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമില്ല. കേരളത്തിൽ നടന്നിട്ടുള്ള നവോത്ഥാന മുന്നേറ്റങ്ങൾക്കൊന്നും ഞങ്ങൾ എതിരല്ല. ക്രിസ്തീയ-മുസ്ലീം വിഭാഗങ്ങളെ മാറ്റിനിറുത്തിക്കൊണ്ട് നവോത്ഥാനമതിൽ പണിയുമ്പോൾ അതിനെ എന്തുപേരാണ് വിളിക്കേണ്ടതെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണം.

(ഭരണകക്ഷി അംഗങ്ങൾ നടുത്തളത്തിനുസമീപം വന്നുനിന്ന് മുദ്രാവാക്യം മുഴക്കി ഡോ.എം. കെ. മുനീറിന്റെ പ്രസംഗം തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): ഡോ. എം. കെ. മുനീർ വർഗ്ഗീയ പ്രസംഗം നടത്തുകയും ജാതീയമായ വിഭാഗീയത സൃഷ്ടിക്കുകയുമാണ് ചെയ്യുന്നത്. കേരളത്തെ അപമാനിക്കുന്ന കാര്യമാണത്. എല്ലാ വിഭാഗങ്ങളിലുംപെട്ട സ്ത്രീകൾ അണിനിരക്കുന്ന നവോത്ഥാനത്തിന്റെ മതിലാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. അതിനെതിരായി വർഗ്ഗീയ പ്രചരണം നടത്തുന്ന നടപടി ശരിയല്ല.

ഡോ. എം. കെ. മുനീർ: ചീഫ് സെക്രട്ടറി ഇറക്കിയ സർക്കുലറിൽ ഇതിനായി സാമൂഹ്യനീതി വകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഏതെങ്കിലും ജാതിമത വിഭാഗങ്ങൾ മാത്രം നടത്തുന്ന പരിപാടികൾക്ക് ഗവൺമെന്റ് ചെലവ് വഹിക്കാൻ

പാടില്ലെന്ന ഭരണഘടനാ തത്വം ഇവിടെ ലംഘിച്ചിരിക്കുകയാണ്. ജാതീയത പ്രചരിപ്പിക്കുന്നതിന് സർക്കാർ ചെലവിൽ ഒത്താശ ചെയ്തുകൊടുക്കാൻ അനുവദിക്കില്ല. ഭീഷണിക്ക് വഴങ്ങുന്ന സ്ത്രീകളല്ല കേരളത്തിലുള്ളത്.

(ഭരണ-പ്രതിപക്ഷ അംഗങ്ങൾ ബഹളം വച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ച് തുടർനടപടികളിലേയ്ക്ക് കടന്നു. ശ്രദ്ധക്ഷണിക്കലും സബ്മിഷനും റദ്ദ് ചെയ്യുകയും മറുപടികൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്തുവയ്ക്കണമെന്ന് നിർദ്ദേശിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടക്കുകയും ചെയ്തു.)

## IV റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(1) വെള്ളപ്പൊക്ക പുനരധിവാസ പാക്കേജ്-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും മേഖലയിൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കൃഷി വകുപ്പ് ആവിഷ്കരിച്ചുവരുന്ന പദ്ധതികൾ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പ്രത്യേക റിപ്പോർട്ടുകൾ.

(2) ഒഡെപെക്, 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ വൻകിട ചെറുകിട പദ്ധതികൾ ഉൾപ്പെടെ വൈദ്യുതി ഉത്പാദന പ്രസരണ വിതരണ

മേഖലയിലുണ്ടായ നഷ്ടം എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പ്രത്യേക റിപ്പോർട്ടുകൾ.

## V റിപ്പോർട്ട് പരിഗണന

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VI നിയമനിർമ്മാണ കാര്യം

(i) 2018-ലെ കേരള കർഷക ക്ഷേമനിധി ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(15 അംഗങ്ങൾ അടങ്ങിയ സെലക്ട് കമ്മിറ്റിയുടെ ഘടന സഭ അംഗീകരിച്ചു.)

(അടിയന്തര പ്രമേയാവതാരകന് സംസാരിക്കുന്നതിന് സമയം അനുവദിക്കാതെ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടന്ന സ്പീക്കറുടെ നടപടിയിൽ പ്രതിഷേധിച്ച് മുദ്രാവാക്യം വിളികളോടെ സഭ ബഹിഷ്കരിച്ച് പുറത്തേയ്ക്ക് നീങ്ങിയ പ്രതിപക്ഷാംഗങ്ങളും ചില ഭരണകക്ഷിയംഗങ്ങളും സഭയ്ക്കുള്ളിൽ വാക്കുതർക്കത്തിലേർപ്പെടുകയും തുടർന്ന് പ്രതിപക്ഷാംഗങ്ങൾ സഭയ്ക്കകത്ത് നിലത്തിരുന്ന് മുദ്രാവാക്യം മുഴക്കിയതിനുശേഷം സഭ വിട്ട് പുറത്തുപോകുകയും ചെയ്തു.)

(ii) <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സഹകരണസംഘം (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സഹകരണസംഘം (രണ്ടാം ഭേദഗതി) ബിൽ

പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് നൽകിയ അംഗം സീറ്റിൽ ഇല്ലാതിരുന്നതിനാൽ സംസാരിച്ചില്ല.)

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സഹകരണസംഘം (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

185. In the proviso to section 2(oe) proposed to be inserted in the principal Act by Clause 2, for the words "six months" the words "one year" shall be substituted.

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

(ഭേദഗതിയില്ല)

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സഹകരണസംഘം (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2018-ലെ കേരള സഹകരണസംഘം (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## VII **അറിയിപ്പ്**

### അഡ്ഹോക് കമ്മിറ്റി രൂപീകരണം

മി. സ്പീക്കർ: 2002-ലെ കേന്ദ്ര നിയമമായ സർഫാസി ആക്ടിലെ വ്യവസ്ഥകൾക്ക് ഇളവ് നൽകണമെന്നാവശ്യപ്പെട്ട് കേരള നിയമസഭ പാസ്സാക്കിയ പ്രമേയം കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിരുന്നുവെങ്കിലും നടപടിയുണ്ടാകാത്ത സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടാകെ ഉളവായിട്ടുള്ള അവസ്ഥാവിശേഷത്തെ സംബന്ധിച്ച് പഠിക്കാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനും

തെളിവെടുക്കാനുമായി ഭരണ-പ്രതിപക്ഷ കക്ഷികളിൽപ്പെട്ട പതിനൊന്നംഗങ്ങളടങ്ങുന്ന നിയമസഭാ അഡ്ഹോക് കമ്മിറ്റി രൂപീകരിച്ച വിവരം അറിയിക്കുന്നു.

## VIII അവകാശലംഘന പ്രശ്നങ്ങൾ

### അനുമതി നിഷേധിച്ചവ

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. വി. ഡി. സതീശൻ നൽകിയ നോട്ടീസ്, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. അനിൽ അക്കര നൽകിയ നോട്ടീസ് എന്നിവയ്ക്ക് അനുമതി നിഷേധിക്കുന്നു.

### പരിഗണനയിലിരിക്കുന്നവ

മുഖ്യമന്ത്രിക്കെതിരെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. ഹൈബി ഈഡൻ എന്നിവർ നൽകിയ നോട്ടീസുകൾ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കെതിരെ ഡോ. എം. കെ. മുനീർ, ശ്രീ. ഒ. രാജഗോപാൽ എന്നിവർ നൽകിയ നോട്ടീസുകൾ, എക്സൈസ് വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. ആശാ തോമസിനെതിരെ ശ്രീ. കെ.സി. ജോസഫ് നൽകിയ നോട്ടീസ് എന്നിവ ചെയറിന്റെ പരിഗണനയിലാണ്.

IX **പ്രമേയം**

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സഭ മുമ്പാകെ മറ്റ് ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

(പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിൽ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും സർഫാസി ആക്ടുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു നിയമസഭാ സമിതി രൂപീകരിക്കുന്നതിനും നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ സമാപനത്തിന്റെ ഭാഗമായി 'ഫെസ്റ്റിവൽ ഓൺ ഡെമോക്രസി' യുമായി ബന്ധപ്പെട്ട് അന്താരാഷ്ട്രതലത്തിൽ ഒരു സ്റ്റുഡന്റ്സ് പാർലമെന്റ് ഫെബ്രുവരിയിൽ സംഘടിപ്പിക്കാനും പ്രസ്തുത പരിപാടി വിജയിപ്പിക്കുന്നതിനുള്ള സഹകരണം ബന്ധപ്പെട്ട എല്ലാവരുടെയും ഭാഗത്തുനിന്ന് ഉണ്ടാകണമെന്നും ചെയർ അഭ്യർത്ഥിക്കുകയും നടപ്പുസമ്മേളനം നിർഭാഗ്യകരമായ കാരണങ്ങളാൽ വേണ്ടത്ര സാർത്ഥകമാക്കാൻ കഴിഞ്ഞില്ലെങ്കിലും സമ്മേളനത്തിന്റെ

ഉദ്ദേശ്യലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ഹൃദ്യമായ ക്രിസ്തുമസ് നവവത്സരാംശസകൾ നേരുകയും ചെയ്തു.)

സഭ ദേശീയഗാനാലാപനത്തോടെ രാവിലെ 11.49-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.

*************